കേരള കാർഷിക സർവ്വകലാശാല

# 13-ാമതും 14-ാമതും അക്കൗണ്ട്സ് കമ്മിറ്റിയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അന്തിമ റിപ്പോർട്ട്

# കേരള കാർഷിക സർവ്വകലാശാല

# 13-ാമതും 14-ാമതും അക്കൗണ്ട്സ് കമ്മിറ്റിയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അന്തിമ റിപ്പോർട്ട്

നമ്പർ: എസ്.എ.ഐ.എ/3379/13

## കേരള കാർഷിക സർവ്വകലാശാല

### XIII-ാമതും XIV-ാമതും അക്കൗണ്ട്സ് കമ്മിറ്റിയുടെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അന്തിമ റിപ്പോർട്ട്

കേരള കാർഷിക സർവ്വകലാശാലയുടെ പരമാധികാര സഭയായ ജനറൽ കൗൺസിലിന്റെ 25-04-2009-ൽ കൂടിയ പ്രത്യേക യോഗം താഴെ പറയുന്ന മെമ്പർമാരെ ഉൾപ്പെടുത്തികൊണ്ട് XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചു.

| | | |
|---|---|---|
| 1) | ശ്രീ.സി.കെ.പി. പത്മനാഭൻ എം.എൽ.എ | അദ്ധ്യക്ഷൻ |
| 2) | ശ്രീ. പള്ളിപ്രം ബാലൻ എം.എൽ.എ | മെമ്പർ |
| 3) | ശ്രീ.സാജുപോൾ, എം.എൽ.എ | മെമ്പർ |
| 4) | ശ്രീ.തോമസ് ചാഴിക്കാടൻ, എം.എൽ.എ | മെമ്പർ |
| 5) | ശ്രീ.സത്യൻ മൊകേരി | മെമ്പർ |
| 6) | ശ്രീ.ആർ.ഹേലി | മെമ്പർ |
| 7) | ഡോ.ടി. പ്രദീപ്കുമാർ | മെമ്പർ |
| 8) | ശ്രീ. എ. ഷാ | മെമ്പർ |
| 9) | ശ്രീ.എം.എസ്. പുഷ്പകുമാർ | മെമ്പർ |
| 10) | ശ്രീ. വി.ബി. ചന്ദ്രൻ | മെമ്പർ |
| 11) | കംപ്ട്രോളർ | കൺവീനർ |

XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി 2002-03-ലെ ഓഡിറ്റ് റിപ്പോർട്ട് 8-ാമത് യോഗത്തോടെ പൂർത്തീകരിക്കുകയും പിന്നീട് 2003-04, 2004-05 വർഷങ്ങളിലെ റിപ്പോർട്ടുകൾ ഭാഗികമായി പരിശോധിക്കുകയും പ്രസ്തുത യോഗങ്ങളുടെ വിശദവിവരം താഴെ ചേർത്തിരിക്കുകയും ചെയ്യുന്നു.

| മീറ്റിങ്ങ് | തീയതി | സ്ഥലം |
|---|---|---|
| 9 | 17-01-2011 | സഹകരണ ബാങ്കിങ്ങ് കോളേജ്, വെള്ളാനിക്കര |
| 10 | 02-02-2011 | " |
| 11 | 14-03-2011 | " |

19-01-2013-ൽ കൂടിയ ജനറൽ കൗൺസിലിന്റെ പ്രത്യേക യോഗം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് XIV-ാമത് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചു.

| | | |
|---|---|---|
| 1) | ഡോ.എസ്.ദേവനേശൻ | അദ്ധ്യക്ഷൻ |
| 2) | ശ്രീ. പി.എ. മാധവൻ എം.എൽ.എ | മെമ്പർ |
| 3) | പ്രൊഫ.സി.രവീന്ദ്രനാഥ്, എം.എ.എ | മെമ്പർ |
| 4) | ശ്രീ.വി.വി.മുരളീധരൻ, എം.എൽ.എ | മെമ്പർ |
| 5) | ഡോ.വി.എം.അബ്ദുൾ ഹക്കിം | മെമ്പർ |
| 6) | ഡോ.മേരി റജീന. എഫ് | മെമ്പർ |
| 7) | ഡോ.ജിജു.പി.അലക്സ് | മെമ്പർ |
| 8) | ശ്രീ. കെ.ഗിരീന്ദ്രബാബു | മെമ്പർ |
| 9) | ശ്രീ.വി.എസ്.സത്യശീലൻ | മെമ്പർ |
| 10) | ശ്രീ. എം.എൻ.മോഹനൻ | മെമ്പർ |
| 11) | കംപ്ട്രോളർ | കൺവീനർ |

.........2

XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൻമേൽ 17-1-2011, 02-02-2011, 14-03-2011 എന്നീ തീയതികളിലായി കൂടിയ 9 മുതൽ 11 വരെയുള്ള യോഗതീരുമാനങ്ങൾ 28-02-2013-നു കൂടിയ XIV-ാമത് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. 2003-04 വർഷങ്ങളിലെ റിപ്പോർട്ടുകൾ പൂർത്തിയാക്കിയതിനു പുറമെ 2005-06, 2006-07 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും ഭാഗികമായി പരിശോധിച്ചിരുന്നു.

കൺവീനർ ആയി ഡോ.ജോയ് മാത്യുവും പ്രത്യേക ക്ഷണിതാവായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടറും സന്നിഹിതരായിരുന്നു.

| ക്രമ നമ്പർ | തീയതി | സ്ഥലം | പ്രത്യേക ക്ഷണിതാവ് |
|---|---|---|---|
| 1) | 28-2-2013 | സഹകരണ ബാങ്കിങ്ങ് കോളേജ് വെള്ളാനിക്കര | ശ്രീ.കെ.നാരായണൻകുട്ടി |
| 2) | 10-4-2013 | കാർഷിക കോളേജ്, പടന്നക്കാട് | ശ്രീ.കെ.ഡി. വർഗീസ് |
| 3) | 7-10-2013 | കാർഷിക കോളേജ്, വെള്ളായണി | ശ്രീ.നാരായണൻകുട്ടി |
| 4) | 7-11-2013 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം | ശ്രീ.വി.സുരേഷ് ബാബു. |
| 5) | 29-11-2013 | സഹകരണ ബാങ്കിങ്ങ് കോളേജ് വെള്ളാനിക്കര | ,, ,, |
| 6) | 20-12-2013 | കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല. | ,, ,, |
| 7) | 13-1-2014 | സഹകരണ ബാങ്കിങ്ങ് കോളേജ് വെള്ളാനിക്കര | ,, ,, |
| 8) | 12-2-2014 | ,, ,, | ,, ,, |
| 9) | 25-4-2014 | ,, ,, | ശ്രീ.കെ.യു.ചേക്കുട്ടി (ജോയിന്റ്ഡയറക്ടർക്കു വേണ്ടി) |
| 10) | 21-5-2014 | ,, ,, | ശ്രീ.വി.സുരേഷ്ബാബു |
| 11) | 13-6-2014 | ,, ,, | ,, ,, |

ഓരോ യോഗത്തിനും മുന്നോടിയായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗവും ചേർന്ന് സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് നൽകാനുള്ള വിശദീകരണവും തെളിവിനായി വേണ്ട രേഖകളും വിശദമായി പരിശോധിച്ചതിനു ശേഷം കമ്മിറ്റി അംഗങ്ങൾക്ക് നൽകാനുള്ള മറുപടി രൂപപ്പെടുത്തുകയും ആവയ അംഗങ്ങൾക്ക് യോഗത്തിനു മുമ്പേ അയച്ചു കൊടുക്കുകയും ചെയ്തിരുന്നു.

ആയവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1) കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിലുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ അടിയന്തിരമായി ലേലം ചെയ്ത് സർവ്വകലാശാലക്ക് മുതൽകൂട്ടേണ്ടതാണ്.

2) വിവിധ ധനകാര്യ ഏജൻസികൾക്ക് പദ്ധതികൾ സമർപ്പിക്കുമ്പോൾ ഇൻസ്റ്റിറ്റ്യൂഷണൽ/ഓവർഹെഡ് ചാർജ് ഇനത്തിൽ 20% വകയിരുത്തേണ്ടതാണ്.

3) അഡ്വാൻസുകൾ ആവശ്യം കഴിഞ്ഞ ഉടനെ തന്നെ അഡ്ജസ്റ്റ് ചെയ്യേണ്ടതും ഇക്കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

4) ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകേണ്ടതും വ്യക്തിപരമായി പരാമർശിച്ചിട്ടുള്ള ബാധ്യതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്.

5) ക്ഷാമാബത്ത/ശമ്പള കുടിശ്ശിക എന്നിവയിൽ നിന്നും ആദായ നികുതി കുറക്കുവാൻ പാടില്ല.

***********************************************************************************

2003–04 റിപ്പോർട്ട് പരിശോധന നടത്തിയ യോഗ തീയതി അതാത് ഖണ്ഡികയ്ക്കു നേരെ ചേർത്തിരിക്കുന്നു.

ഒപ്പ്
ഡോ. ജോയ് മാത്യു
(കംപ്ട്രോളർ & കൺവീനർ)

ഒപ്പ്
ഡോ. എസ്.ദേവനേശൻ
(ചെയർമാൻ)

എസ്എ/1എ/3379/13

2004 – 2005

പാർട്ട് – I

ഖണ്ഡിക 1. (പൊതു അവലോകനം)

കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ നിർദ്ദേശങ്ങളെല്ലാം പാലിക്കാനുള്ള നിർദ്ദേശം സമയാസമയത്ത് ബന്ധപ്പെട്ടവർക്ക് നൽകാറുണ്ടന്നും വിവിധ കേന്ദ്രങ്ങളിൽ നിന്നും മറുപടി ലഭിക്കുവാനുള്ള കാലതാമസമാണ് ജോയിന്റ് ഡയറക്ടർക്ക് മറുപടി നൽകാനുള്ള തടസ്സമെന്നും കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു. മേൽ കാര്യങ്ങൾക്കെല്ലാം കൂടുതൽ ഊന്നൽ നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ ഒഴിവാക്കി. (21.5.2014)

ഖണ്ഡിക 2 (1) : ഫിനാൻസ് & അപ്രോപ്രിയേഷൻ )

2 (ii): (വ്യത്യാസം ശരിയാക്കുന്നത് സംബന്ധിച്ച് )

ഓഡിറ്റിൽ പറഞ്ഞ കാര്യങ്ങളെല്ലാം പിന്നീട് ശരിയാക്കിയിട്ടുണ്ട്. തുടർ നടപടി ആവശ്യമില്ല. (21.5.2014)

ഖണ്ഡിക 2 (ii): (a) : വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

സർവ്വകലാശാലയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പല നടപടികൾ എടുത്തിട്ടുണ്ടെന്നും പലതിനും സദ്ഫലങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ടെന്നും കംപ്ട്രോളർ പറഞ്ഞു. മേൽ നടപടി ആവശ്യമില്ല. (21.5.2014)

ഖണ്ഡിക 2 (II) (b):ചിലവുകൾക്ക് ജനറൽ കൗൺസിലിന്റെ അംഗീകാരം വാങ്ങുന്നത്.

അധികം വന്ന ചിലവുകൾക്ക് തുടർന്നു വരുന്ന വാർഷിക ജനറൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാറുണ്ട് . എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 2 (iii) : (ആവശ്യമായ അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിച്ചില്ല.)

നിയമാനുസൃതമായി വേണ്ടതായ രജിസ്റ്ററുകളെല്ലാം സൂക്ഷിക്കാൻ വേണ്ട നിർദ്ദേശം കാലാകാലങ്ങളിൽ നൽകാറുണ്ടന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 2 (iv) -.(വാർഷിക കണക്കുകൾ സംബന്ധിച്ച്.)

വിശദീകരണം അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 3 ... 10 പ്രത്യേക നിർദ്ദേശം ആവശ്യമില്ല.

ഖണ്ഡിക 11: (ഹൗസിങ്ങ് ഫിനാൻസ് സ്കീം - സമാഹൃത പട്ടിക തയ്യാറാക്കിയില്ല.)

2003 -04 ലെ ഖണ്ഡിക 13 ന്റെ തീരുമാനം ബാധകമാണ്. (21.5.2014).

ഖണ്ഡിക 12: (ഭവന/ മോട്ടോർ സൈക്കിൾ വായ്പ - പ്രത്യേകം പട്ടിക തയ്യാറാക്കിയില്ല.)

2003 - 2004 (പാർട്ട് - I ) ഖണ്ഡിക 14 ന്റെ തീരുമാനം ബാധകമാണ്.(21.5.2014)

ഖണ്ഡിക 13 (b) (i): (പി.ഡി. അക്കൗണ്ടിൽ ഇടപാട് ഇല്ല.)

വർഷങ്ങളായി ഇടപാടില്ലാതെ ഇരിക്കുന്ന അക്കൗണ്ടിൽ ഇപ്പോഴും പണമിടപാട് ഇല്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. ആവശ്യമില്ലെങ്കിൽ ട്രഷറിയുമായി ബന്ധപ്പെട്ട് ഈ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്തു.(21.5.2014)

ഖണ്ഡിക 14 (പെൻഷൻ കോൺട്രിബ്യൂഷൻ)

2003 - 2004 ലെ ഖണ്ഡിക 16 (ഭാഗം - i) ന്റെ തീരുമാനം ഇതിനും ബാധകമാണ് (21.5.2014)

ഖണ്ഡിക 15: (വിവാഹ വായ്പ - രജിസ്റ്റർ മുഴുവനാക്കിയില്ല.)

പിന്നീട് രജിസ്റ്ററുകൾ ക്രമീകരിച്ചിട്ടുണ്ട്. റിക്കവറി ഷെഡ്യൂൾ പ്രകാരം ഓരോ വ്യക്തികളുടേയും കണക്കുകൾ ക്രമീകരിച്ചിട്ടുണ്ട്. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 16 : ഭവന വായ്പ-(പിരിച്ചെടുത്ത സംഖ്യകളുടെ രജിസ്റ്റർ സൂക്ഷിച്ചില്ല.)

ഓരോ വായ്പക്കാരന്റെയും ശമ്പളത്തിൽ നിന്നും പിടിച്ച തുകയുടെ ഷെഡ്യൂൾ പ്രകാരം തുക വരവ് വെച്ച് കണക്ക് ക്ലോസ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. എതുർപ്പ് പിൻവലിച്ചു. (21.5.2014)

## ഭാഗം. II

ഖണ്ഡിക 3: ഐ.സി. എ ആറിൽ നിന്നുള്ള ധന സഹായം വ്യത്യാസം ശരിയാക്കുന്നത് സംബന്ധിച്ച്.
2003 - 2004 ലെ ഖണ്ഡിക 3 ന്റെ തീരുമാനം ബാധകമാണ്.(21.5.2014)

ഖണ്ഡിക 4: മറ്റുള്ള ധന സഹായം വ്യത്യാസം ശരിയാക്കുന്നത് സംബന്ധിച്ച്.

2003 – 2004 ലെ ഖണ്ഡിക 4 ന്റെ തീരുമാനം ഇതിനു ബാധകമാണ്.(21.5.2014)

ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്

ഖണ്ഡിക:7 സർക്കാരിലേക്ക് നൽകാനുള്ള തുകകളുടെ കണക്ക് സൂക്ഷിച്ചില്ല.

ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കാറുണ്ടെന്നും സർക്കാരിനു നൽകാനുള്ള തുകകൾ എല്ലാം സമയത്തിനു നൽകാറുണ്ടന്നും അറിയിച്ചു..

രേഖകൾ പരിശോധിച്ചു ബോധ്യം വന്നതായി ജോയിന്റ് ഡയറക്ടർ അറിയിച്ചു. എതിർപ്പ് പിൻവലിച്ചു.(21.5.2014)

ഖണ്ഡിക:8: ഓഡിറ്റ് ചാർജ്സ് : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പാർട്ട്. III

പൗൾട്രി സയൻസ് ഉന്നതപഠനകേന്ദ്രം, മണ്ണുത്തി (സ്കീംസ്)

ഖണ്ഡിക 1 (ഓഡിറ്റ് നോട്ട്സ്.4) ലാഭം വീതം വെയ്ക്കൽ

ഐ.സി.എ.ആർ മാർഗ്ഗരേഖപ്രകാരം ലഭ്യമായ ലാഭത്തിന്റെ 10% പ്രോത്സാഹനമായി നൽകുവാൻ വ്യവസ്ഥയുള്ളതായും ഗവേഷണവിഭാഗം മേധാവി ചെയർമാനായും, കംപ്ട്രോളർ, വെറ്ററിനറി ഡീൻ, രജിസ്ട്രാർ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയുടെ തീരുമാനപ്രകാരവുമാണ് ലാഭവിഹിതം നൽകിയതെന്നും കേന്ദ്രം മേധാവി അറിയിച്ചു.
റിവോൾവിംഗ് ഫണ്ടിന്റെ നടത്തിപ്പുവഴി മാത്രം ലഭിച്ചതാണോ ഈ ലാഭമെന്നും തൊഴിലാളികളുടെ പങ്ക് ഇതിൽ കാര്യമായിട്ടുണ്ടായിട്ടുണ്ടോ എന്നു കമ്മിറ്റി അംഗങ്ങൾ ആരാഞ്ഞു.
ശാസ്ത്രീയ പരിശോധനയും പരിചയവും കൊണ്ട് മാത്രം നടത്തുന്ന ഹാച്ചറിയുടെ പ്രവർത്തനത്തെ മുൻ രാഷ്ട്രപതി ശ്രീ.അബ്ദുൾ കലാം പോലും മുക്തകണ്ഠം പ്രശംസിക്കുകയും കേരള മോഡൽ ആസാമിലും നടത്താൻ നിർദ്ദേശിച്ചത് ഈ അവസരത്തിൽ ഓർക്കുന്നതായും കേന്ദ്രത്തിനുവേണ്ടി ഹാജരായ ഡയറക്ടർ അറിയിച്ചു. മേൽസാഹചര്യത്തിൽ പ്രതികൂല പരാമർശം ഒഴിവാക്കിത്തരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഖണ്ഡിക 2 (ഓഡിറ്റ് നോട്ട് 5) വൻതുക സ്ഥിരനിക്ഷേപത്തിൽ സൂക്ഷിച്ചു.

25 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടിനായി ലഭിച്ചതിൽ ആരംഭത്തിൽ തന്നെ മുഴുവൻ തുകയും ആവശ്യമില്ലാത്തതിനാൽ കംപ്ട്രോളറുടെ നിർദ്ദേശപ്രകാരമാണ് വളരെ കുറഞ്ഞ കാലയളവിലേക്ക് സ്ഥിരനിക്ഷേപം നടത്തിയതെന്നും പിന്നീട് ഗവേഷണവിഭാഗം മേധാവിയുടെ

അഭിപ്രായത്തെ തുടർന്ന് ഈ തുക മറ്റ് മേഖലകളിലേക്ക് ഉപയോഗിച്ചതായും അറിയിച്ചു. വസ്തുനിഷ്ഠമായ കാര്യങ്ങളാണ് കേന്ദ്രംമേധാവി പറഞ്ഞതെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടു. മാത്രമല്ല പത്ത് വർഷം മുമ്പത്തെ കാര്യമാണിതെന്നും കമ്മിറ്റി നിരീക്ഷിച്ചു.

ഖണ്ഡിക 3 (ഓഡിറ്റ് നോട്ട്.6) കോഴിമുട്ടകളിലെ ഉയർന്ന ശതമാനത്തിലുള്ള വന്ധ്യതാ നിരക്ക്.

ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന വന്ധ്യതാനിരക്കായ 13.62ൽ 5 ശതമാനം ജീവനില്ലാത്ത ബീജങ്ങളുള്ളതും, 10 ശതമാനം വന്ധ്യതാനിരക്കിൽ വരാവുന്നതാണെന്നും ഇവിടെ ആകെ അനുവദനീയമായ 15 ശതമാനത്തിൽ താഴെ മാത്രമേ വന്നിട്ടുള്ളൂ എന്നും പ്രൊഫസർ അറിയിച്ചു. മാത്രവുമല്ല കാലാവസ്ഥക്കും സീസണും അനുസരിച്ച് ഫലഭൂയീഷ്ഠതയിൽ മാറ്റമുണ്ടാവുന്നത് തികച്ചും സാധാരണമാണെന്നും ബോധിപ്പിച്ചു.

ആയതിനാൽ പ്രസ്തുത എതിർപരാമർശം ഒഴിവാക്കി തരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഖണ്ഡിക 4 (ഓഡിറ്റ് നോട്ട്.7) വിരിയിക്കാനുള്ള മുട്ട വാങ്ങിയതിന് നൽകിയ തുകയിൽ ആദായനികുതി കുറച്ചില്ല.

സ്ഥാപനത്തിനായി മുട്ട നൽകിയ വ്യക്തി ആദായനികുതി വകുപ്പിനു നൽകിയ റിട്ടേണിൽ ഇത് ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയതിന്റെ കോപ്പി ഓഡിറ്റിന് നൽകിയതായും പിന്നീടുള്ള വർഷങ്ങളിൽ ആദായനികുതിയായി 2.24 ശതമാനം കുറച്ചേ ഇൻവോയ്സ് പ്രകാരമുള്ള തുക നൽകാറുള്ളൂവെന്നും കേന്ദ്രം മേധാവി പറഞ്ഞത് കമ്മിറ്റി അംഗീകരിച്ചു.

മേൽപറഞ്ഞ 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിൽമേൽ നൽകിയ മറുപടി അന്നത്തെ ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ചതായും അക്കൗണ്ട്സ് കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിനായി കാത്തിരിക്കുകയാ ണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് ജോയിന്റ് ഡയറക്ടറുടെ അംഗീകാരത്തോടെ മേൽപറഞ്ഞ നാലു ഖണ്ഡികകളിലെ ഓഡിറ്റ് തടസം കമ്മിറ്റി ഒഴിവാക്കി.(12.2.2014)

**കൃഷി വിജ്ഞാന കേന്ദ്രം മലപ്പുറം**

ഖണ്ഡിക 5. പദ്ധതിയുമായി ബന്ധമില്ലാത്ത കാലയളവിലെ കുടിശ്ശിക പദ്ധതിയിൽ നിന്നും നൽകി.

കൃഷി വിജ്ഞാന കേന്ദ്രം അമ്പലവയലിന്റെ ഖണ്ഡിക 7 (iii) നുള്ള തീരുമാനം ബാധകമാണ്. (21.5.2014)

ഖണ്ഡിക 6 : ഇന്ധനം – കണക്കിൽ കുറവ്

കുറവു വന്ന ഡീസലിന്റെ വിലയായ 450 രൂപ രസീത് നമ്പർ 5/56898 തീയ്യതി 6.5.14 പ്രകാരം ഈടാക്കി. എതിർപ്പ് പിൻവലിച്ചു.(21.5.2014)

ഖണ്ഡിക 7: ട്രാക്ടർ വാങ്ങിയത് സംബന്ധിച്ച്

ട്രാക്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകളെല്ലാം സമർപ്പിച്ചതായും ആയത് പരിശോധിച്ച് ബോധ്യം വന്നതായും ജോയിന്റ് ഡയറക്ടർ അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക; 8: (അന്തിമ ബിൽ സമർപ്പിച്ചില്ല.)

രേഖകൾ എല്ലാം സമർപ്പിച്ചതായി അറിയിച്ചു. തുടർ നടപടി ആവശ്യമില്ല. (21.5.2014)

ഖണ്ഡിക 9; വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചില്ല.

ഇത്രയും കാലമായിട്ടും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന്റെ പരിശോധനക്ക് നൽകാത്തതിൽ കമ്മിറ്റി കടുത്ത അതൃപ്തി രേഖപ്പെടുത്തി. ആവശ്യമായ രേഖകൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കുവാൻ കമ്മിറ്റി നിർദ്ദേശിച്ചു.

ജോയിന്റ് ഡയറക്ടറുടെ പരിശോധനക്കു വിധേയമായി എതിർപ്പ് പിൻവലിച്ചു. (21.5.2014)

**മെറ്റീരിയോളജി ഡിപ്പാർട്ട്മെന്റ് – ഹോർട്ടികൾച്ചറൽ കോളേജ്**

ഖണ്ഡിക 10 (പാർട്ട് - III) (ട്രെയിനിംഗ് അസിസ്റ്റന്റിന്റെ തസ്തികയിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിച്ചു.)

ഐ.സി.എ.ആറിന്റെ ധനസഹായത്തോടെ നടത്തുന്ന പദ്ധതിയിൽ അതീവ നൂതന സാങ്കേതിക വിദ്യ ആവശ്യമുള്ള വിലയേറിയ ശാസ്ത്രീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും അക്കൗണ്ടിംഗ് പരിചയവും ഉള്ള യോഗ്യനായ ഒരാളെ നിയോഗിക്കണമെന്ന് കേന്ദ്രം മേധാവി ആവശ്യപ്പെട്ടതിനാലാണ് ടെക്നിക്കൽ അസിസ്റ്റന്റിന്റെ തസ്തികയിൽ മെറ്റീരിയോളജിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിയും അക്കൗണ്ടിംഗിൽ പരിചയവും ഉള്ള ശ്രീ. ഗോപകുമാറിനെ നിയമിച്ചത്.

ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശമ്പളസ്കെയിലിലും കുറവായ സ്കെയിലിലാണ് ശ്രീ. ഗോപകുമാർ എന്നതിനാൽ സർവകലാശാലക്ക് നഷ്ടമൊന്നുമുണ്ടായില്ല എന്നും സർവകലാശാല ഭരണ വിഭാഗത്തിൽ നിന്നും അറിയിച്ചതിനെ തുടർന്ന് എതിർപ്പ് പിൻവലിച്ചു. (21.5.2014)

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി.

ഖണ്ഡിക 11 എ.ഐ.സി. ആർ.പി. ലോങ്ങ് ടേം ഫെർട്ടിലൈസർ – ക്വട്ടേഷൻ വിളിച്ചില്ല.

സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ ക്വട്ടേഷൻ വിളിക്കുവാൻ സമയമില്ലായിരുന്നുവെന്നും ധനകാര്യ ഏജൻസിയിൽ നിന്നുള്ള ഫണ്ട് നഷ്ടപ്പെടാതിരിക്കുവാനും കൂടി വേണ്ടിയാണ് സഹകരണ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയത്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് പിന്നീട് ഈ ഏർപ്പാട് നിർത്തിയതായും കേന്ദ്രത്തിനുവേണ്ടി ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു. ചെയ്തത് ശരിയല്ലെങ്കിലും ഈ വൈകിയ വേളയിൽ മറുപടി അംഗീകരിക്കാവുന്നതാണെന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് തുടർനടപടികൾ വേണ്ടെന്നു വെച്ചു. (21.05.2014)

ഖണ്ഡിക 12 (ജോലി ചെയ്യിപ്പിച്ചതിലെ ക്രമക്കേട്)

സ്റ്റേഷനിലുണ്ടായിരുന്ന ട്രാക്ടറിൽ ഹൈഡ്രോളിക്ക് സംവിധാനം ഇല്ലാതിരുന്നതിനാലാണ് പുറമെ നിന്നും ട്രാക്ടർ വാടകക്കെടുത്തതെന്നും കുഴിച്ചെടുത്ത മണ്ണ് സ്റ്റേഷനു പുറത്തേക്ക് കൊണ്ടു പോകാതിരുന്നതിനാലാണ് സ്റ്റോക്ക് എടുക്കാതിരുന്നതെന്നും അറിയിച്ചു. മറുപടി സാധൂകരിച്ച് എതിർപ്പ് ഒഴിവാക്കി. (21.5.2014)

## പാർട്ട്. IV

***ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര***

*പാരഗ്രാഫ് 1* വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ ഇൻഷുറൻസ് പരിരക്ഷ

ആഡിറ്റ് നിരീക്ഷണങ്ങളിൽ സൂചിപ്പിച്ച പോരായ്മകൾ ഭാവിയിൽ ഉണ്ടാകാതെ സൂക്ഷിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ഒഴിവാക്കി. (14.3.2011)

*പാരഗ്രാഫ് 2* മുറിവാടക കൂടുതലായി നൽകിയത് അനുവദനീയമല്ല.

ഈയിനത്തിൽ കൂടുതലായി കൈപ്പറ്റിയ സംഖ്യ 750 ക വീതം 2.2.2008 ലെ 55/43240, 21.2.2008 ലെ 67/43240 എന്നീ രശീതുകൾ പ്രകാരം സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് ജോയ്ന്റ് ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (14.3.2011)

*പാരഗ്രാഫ് 3:* സ്റ്റോർ പർചേയ്സ് മാനുവൽ വ്യവസ്ഥകൾ പാലിക്കാതെ ഹൈസ്പീഡ് ഡിജിറ്റൽ ഫോട്ടോകോപ്പിയർ വാങ്ങിയത്

ഈ ഖണ്ഡിക 2006 - 07 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും 9.11.2010 ൽ കൂടിയ നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം പരിശോധിച്ചതും അന്തിമ തീരുമാനം കാത്തിരിക്കുകയാണെന്നും വിശദീകരിച്ചു. നിയമസഭ സമിതിയുടെ അന്തിമ തീരുമാനം കാക്കുവാൻ തീരുമാനിച്ചു. (14.3.2011)

*പാരഗ്രാഫ് 4:* പരീക്ഷ ജോലികൾക്കായി അദ്ധ്യാപകർക്ക് അധിക വേതനം നൽകിയത് അനുവദനീയമല്ല.

അക്കൗണ്ട്സ് കമ്മിറ്റി ഈ പരാമർശം മുമ്പേ വിശദമായി പരിശോധിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്കും അന്തിമ തീരുമാനത്തിനുമായി വിട്ടിട്ടുള്ളതുമാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം കാക്കാവുന്നതാണ്. (14.3.2011)

## *ഫിസിക്കൽ പ്ലാന്റ് ഡയറക്ടറേറ്റ്*

*പാരഗ്രാഫ് 5:* ഓവർസിയർമാർക്ക് സർക്കാർ അംഗീകാരം ഇല്ലാതെ ഉയർന്ന ശമ്പളസ്കെയിൽ അനുവദിച്ചത് ക്രമവിരുദ്ധം

XIII ാമത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16.2.2010 ൽ കൂടിയ 6 ാമത് യോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്തതും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്കായി വിട്ടിട്ടുള്ളതുമാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം കാക്കാവുന്നതുമാണ്. (14.3.2011)

*പാരഗ്രാഫ് 6 :* വിവിധ വിഭാഗം ജീവനക്കാർക്ക് സർക്കാർ അംഗീകാരം ഇല്ലാതെ കോമൺ റേഷ്യോ പ്രമോഷൻ അനുവദിച്ചത്.

XIII ാമത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16/2/10 ൽ കൂടിയ 6 ാമത് യോഗം ഈ വിഷയം ചർച്ച ചെയ്തതും അന്തിമ തീർപ്പുണ്ടാക്കുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്കായി വിട്ടതുമാണ്. ആയതിന്മേലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം ഈ ഖണ്ഡികക്കും ബാധകമാണ്. (14.3.2011)

*പാരഗ്രാഫ് 7:* ടി.എ. സർക്കാർ അംഗീകരിച്ച പരിധിക്കപ്പുറത്ത് നൽകിയത് അനുവദനീയമല്ല.

2003 - 04 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലും വന്നിട്ടുള്ള ഈ വിഷയം മുൻപേ അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിട്ടുള്ളതുമാണ്. തീരുമാനത്തിനായി ഇപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെയിരിക്കുകയുമാണ്.

ആയതിന്മേൽ എടുക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടി സ്വീകരിക്കാവുന്നതാണ്. (14.3.2011)

**ഡയറി സയൻസ് കോളേജ്, മണ്ണുത്തി.**

ഖണ്ഡിക 8 (ഓഡിറ്റ് നോട്ട്സ്) കോമൺ റേഷ്യോ നൽകിയത്.

29.11.2013ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-ാമത് യോഗ തീരുമാനം ഇതിനു ബാധകമാണ്. (25.4.2014)

ഖണ്ഡിക 9(ഓഡിറ്റ് നോട്ട്സ്) അപ്ഗ്രേഡേഷൻ ഓഫ് കംപ്യൂട്ടർ.

ലാബിലുള്ള കംപ്യൂട്ടറുകൾ പ്രവർത്തനക്ഷമത കുറഞ്ഞപ്പോഴാണ് ഇവ അപ്ഗ്രേഡ് ചെയ്യുന്നതിനായി കോൺഫിഗറേഷൻ കൂടിയ സിസ്റ്റം വാങ്ങുന്നതിനുമായ നിർദ്ദേശം സമർപ്പിച്ചത്.

വെറ്ററിനറി കോളേജിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ 7800 രൂപ വില നിശ്ചയിച്ചത് 8200 രൂപയ്ക്കാണ് കൈമാറ്റം ചെയ്തതെന്നും പരസ്യലേലം ചെയ്താൽ കിട്ടാവുന്ന വിലയേക്കാൾ കൂടിയ നിരക്കിലാണ് പഴയവ കൈമാറ്റം ചെയ്തതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിതരണമെന്നും കേന്ദ്രം മേധാവിക്കു വേണ്ടി ഹാജരായ ഉദ്യോഗസ്ഥൻ അഭ്യർത്ഥിച്ചു.

ഇത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാനും ജോയിന്റ് ഡയറക്ടർ മറുപടി അംഗീകരിക്കുന്ന മുറയ്ക്ക് എതിർപ്പ് ഒഴിവാക്കിയതായി കണക്കാക്കാമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു.(25.4.2014)

ഖണ്ഡിക 10 (ഓഡിറ്റ് നോട്ട്സ്) മിനി ഫ്രീസ് ഡ്രൈയർ - കസ്റ്റംസ് ഡ്യൂട്ടി സംബന്ധിച്ച്

ഡ്യൂട്ടി ഇളവ് ലഭിയ്ക്കാനായി ബന്ധപ്പെട്ട രേഖകളെല്ലാം ഹാജരാക്കിയാൽ തന്നെ നിലവിലെ നിയമപ്രകാരം 5% കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാൻ ബാധ്യസ്ഥരാണ് എന്ന മറുപടി അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (25.4.2014)

ഖണ്ഡിക 11 (ഓഡിറ്റ് നോട്ട്സ്) ഇൻവിജിലേറ്റർസിനുള്ള പ്രതിഫലം നൽകിയത്.

2003-04 ലെ ഖണ്ഡിക 45ന്റെ തീരുമാനം ഇതിനു ബാധകമാണ്. (25.4.2014)

**സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനറ്റിക്സ് & ബ്രീഡിംഗ്, മണ്ണുത്തി.**

ഖണ്ഡിക 12 (ഓഡിറ്റ് നോട്ട്സ് 6) കോമൺ റേഷ്യോ നൽകിയത്

29 11.2013ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-ാമത് യോഗ തീരുമാനം ഇതിനു ബാധകമാണ്. (25.4.2014)

**മാടക്കത്തറ കശുവണ്ടി ഗവേഷണ കേന്ദ്രം**

*പാരഗ്രാഫ് 13:* ഉത്ഭവത്തിൽ തന്നെ സർവ്വീസ് ടാക്സ് ഈടാക്കിയില്ല

സർവ്വീസ് ടാക്സ് ഇനത്തിൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന സംഖ്യകൾ ബന്ധപ്പെട്ടവരിൽ നിന്നും താഴെപ്പറയും പ്രകാരം വസൂലാക്കിയതായി അറിയിച്ചു.

1) ശ്രീമതി. രത്നവല്ലി സുരേന്ദ്രൻ 1201 ക–23.7.2008 ലെ രശീതി നമ്പർ 59/42324

2) ശ്രീമതി. ഉഷ അശോകൻ 91 ക 24.4.08 ലെ രശീതി നമ്പർ 7/42322

ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ പരിശോധിച്ചതായുംവിശദീകരിച്ചു. എതിർപ്പ് ഒഴിവാക്കി (14.3.2011)

*പാരഗ്രാഫ് 14 (ഓഡിറ്റ് നോട്ട്സ്.11)*

ഫാം പ്രൊഡ്യൂസസ് രജിസ്റ്റർ നഴ്സറി സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ആഡിറ്റ് പരാമർശിച്ച ഫാമിലെ അടിസ്ഥാന രജിസ്റ്ററുകളായ ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, നഴ്സറി സ്റ്റോക്ക് രജിസ്റ്റർ DMS എന്നിവ കേന്ദ്രം മേധാവി പരിശോധിച്ച് രണ്ടാഴ്ചക്കകം സർവ്വകലാശാല രജിസ്ട്രാറുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്. (14.3.2011)

**കാർഷിക ഗവേഷണകേന്ദ്രം, മണ്ണുത്തി.**

ഓഡിറ്റ് റിപ്പോർട്ട് 15 (ഓഡിറ്റ് നോട്ട് 5) ചേനകൃഷി - മോശം വിളവ്

2004 – 2005 കാലഘട്ടത്തിൽ ശരാശരി $2^1/_2$ കിലോഗ്രാം വിളവ് മാത്രം ലഭിക്കുവാനുണ്ടായത് മുള്ളൻ പന്നികളുടെ ശല്യവും മതിയായ തൊഴിലാളികളുടെ അഭാവം, തരിശുനിലത്തിൽ ആദ്യമായി കൃഷിചെയ്തത് എന്നീ കാരണങ്ങളാണെന്ന് കേന്ദ്രം മേധാവി വിശദീകരിച്ചു. 2005ൽ ചേനകൃഷി നിർത്തലാക്കി. പിന്നീട് മണ്ണിന്റെ ഫലഭൂയിഷ്ടത വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കി.

2011 – 2012 മുതൽ വീണ്ടും ഉൽപ്പാദനം തുടങ്ങുകയും ചെയ്തു. തൽഫലമായി 3–4 കിലോ ഒരു ചെടിയിൽനിന്നും ലഭിക്കുന്നുണ്ട്. വിശദീകരണം അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി (13.1.2014)

ഖണ്ഡിക 16 (ഓഡിറ്റ് നോട്ട് 6) മരം ലേലം - നഷ്ടം.

സർവ്വകലാശാല ഭരണസമിതി തീരുമാനമനുസരിച്ചാണ് ലേല നടപടി തുടങ്ങിയത്. നിലവിലുള്ള എല്ലാ നിയമങ്ങൾക്കകത്തുനിന്നു തന്നെയാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതും. ഫോറസ്ട്രി കോളേജിലെ വിദഗ്ദർ ആണ് വിലനിർണയം നടത്തിയത്. ഓഡിറ്റിൽ നല്ല തടിയുടെ വിലയാണ് തേക്ക് പോലുള്ള മരങ്ങൾക്ക് കണക്കാക്കിയത്. ഇവയിൽ പക്ഷെ ധാരാളം പൊത്തുകളും അനേകം ചില്ലകളും ഒക്കെ മൂലം ഗുണനിലവാരം കുറഞ്ഞതായിരുന്നു.

എങ്കിലും നിർണയിച്ച വിലയേക്കാൾ അധികം ലഭ്യമായിട്ടുണ്ട്. വിശദീകരണം അംഗീകരിച്ച് തടസം ഒഴിവാക്കാൻ കമ്മിറ്റി ശുപാർശ ചെയ്തു. (13.1.2014)

ഖണ്ഡിക 17 (ഓ.നോ:) (ആദായനികുതി കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തത്.

ആദായനികുതി വകുപ്പ് 192 പ്രകാരം ശമ്പള ഇനത്തിൽ നൽകുന്ന തുകക്കെല്ലാം ശരാശരി നിരക്കിലുള്ള ആദായ നികുതി ഉറവിടത്തിൽ നിന്നു തന്നെ കുറവ് ചെയ്ത് അടക്കേണ്ടത് സ്ഥാപന മേധാവിയുടെ ചുമതലയാണെന്നും മാത്രവുമല്ല ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികൾ ഇതിനെ സാധൂകരിക്കുന്നതാണെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്നും കേന്ദ്രം മേധാവി അഭ്യർത്ഥിച്ചു.
വിശദീകരണം അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി. (21.5.2014)

**<u>കെ.എ.യു.പ്രസ് മണ്ണുത്തി (ഓ.നോ.3 )</u>**

***<u>പാരഗ്രാഫ് 18:</u>*** ഭരണ വിഭാഗം ജീവനക്കാർക്ക് പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യയും നൽകിയത് അനുവദനീയമല്ല.

ഈ വിഷയം XII ാമത് അക്കൗണ്ട്സ് കമ്മിറ്റി വിശദമായി പരിശോധിച്ചതായും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഭരണവിഭാഗം ജീവനക്കാർക്ക് പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യായും നൽകിവരുന്നതിന്റെ അടിസ്ഥാനത്തിൽ 2001 – 02, 2002 – 03 വർഷങ്ങളിലെ തടസവാദം ഒഴിവാക്കിയിട്ടുള്ളതാണെന്നും വിശദീകരിച്ചു.
എതിർപ്പ് ഒഴിവാക്കി (14.3.2011)

***<u>പാരഗ്രാഫ് 19 (ഓ.നോ. 4 )</u>***

<u>Reversion Jr. Foreman to selection Grade Binder - Excess pay not recovered</u>

വിശദീകരണം കമ്മിറ്റി വിശദമായി പരിശോധിക്കുകയും സ്വീകരിക്കുകയും ചെയ്തു ഭാവിയിൽ ഒരു തസ്തികയിൽ രണ്ടുപേർക്ക് ഒരേ കാലയളവിലേക്ക് ശമ്പളം കൊടുക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ ഭരണവിഭാഗത്തിനു എഴുതേണ്ടതാണ്.

സെലക്ഷൻ ഗ്രേഡ് ബൈന്ററായ ശ്രീമതി.പി.ടി. ആനി 15.2.2003 മുതൽ 31.10.2003 കാലത്തേക്ക് ആഡിറ്റ് പരാമർശം പ്രകാരം കൈപ്പറ്റിയ തുക വിശദീകരണം സ്വീകരിച്ചു കൊണ്ട് തിരിച്ചു പിടിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

എതിർപ്പ് നിലനിർത്തേണ്ടതില്ല.(14.3.2011)

***<u>പാരഗ്രാഫ് 20: (ഓ.നോ. 6 )</u>***

<u>Engagement of Farm Labourers for office sweeping in Press and Office irregular</u>

ഈ വിഷയത്തിൽ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരിഗണനക്കായി വിട്ടതാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം കാക്കാവുന്നതാണ്. (14.3.2011)

**<u>കന്നുകാലികേന്ദ്രം, മണ്ണുത്തി</u>**

<u>പാര 21 (ഓ.നോ.4) മരങ്ങളുടെ ലേലം – നഷ്ടം</u>

മേൽ കാലയളവിൽ നടന്ന ലേലം എല്ലാ നടപടി ക്രമങ്ങളും പാലിച്ചാണ് നടത്തിയതെന്നും മാത്രവുമല്ല മരം മുറിക്കുവാനുള്ള അനുമതി നൽകിയത്

ഐ.എഫ്.എസ്.കാരൻ കൂടിയായ അന്നത്തെ രജിസ്ട്രാർ ആയിരുന്നു. അസ്വാഭാവികമായതൊന്നും നടക്കുകയുണ്ടായിട്ടില്ല. ഫോറസ്ട്രി കോളേജിലെ വിദഗ്ദർ നിശ്ചയിച്ച വിലയേക്കാൾ ഉയർന്ന നിരക്കിലാണ് ലേലം നടന്നത്. കൂടാതെ ജോയിന്റ് രജിസ്ട്രാർ തലത്തിൽ ഒരു ഉന്നതതല അന്വേഷണവും നടത്തിയിരുന്നതായി കേന്ദ്രത്തിനു വേണ്ടി ഹാജരായ ഉദ്യോഗസ്ഥ അറിയിച്ചു.

മറുപടി അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി. (12.2.2014)

**സെൻട്രൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണൂത്തി**

*പാരഗ്രാഫ് 22:* (ഓ.നോ: 6) Expenditure over allocation resulting in shortage of institutional charge shortage of Rs. 19,529/-

വിശദീകരണം പരിശോധിച്ചു

| | |
|---|---|
| CBV 35/3 - 05 for Rs. 28750 | 1200 |
| CBV 36/3-05 for Rs. 28750 | 1200 |
| CBV 37/3-05 for Rs. 28750 | 1200 |
| CBV 47/3 - 05 for Rs. 27270 | 454 |
| | 4054 |

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം ഇൻസ്റ്റിറ്റ്യൂഷനൽ ചാർജ്ജിൽ കുറവുവന്ന 4054 ഈടാക്കി സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്. (14.3.2011)

*പാരഗ്രാഫ് 23 (ഓ.നോ.7)* Unspent balance of training fee Refund pending

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് ഒഴിവാക്കി. (14.3.2011)

**ഡയറി പ്ലാന്റ്, മണ്ണൂത്തി**

ഖണ്ഡിക 24 (ഓ.നോ.3) പ്ലാന്റ് മെയിന്റനൻസ് ഓപ്പറേറ്റർമാരുടെ നിയമനം.

ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്നാണ് അവർക്ക് സ്ഥിര നിയമനം നടത്തിയതെന്നും സർവ്വകലാശാല വിഭജനത്തെ തുടർന്ന് വെറ്ററിനറി സർവ്വകലാശാല അപ്പീൽ നൽകിയിരിക്കയാ ണെന്നും ബോധിപ്പിച്ചു.

മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ച എതിർപ്പ് തുടരേണ്ടതില്ലെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.(25.4.2014)

ഖണ്ഡിക 25 (ഓ.നോ.4) സ്റ്റൈപ്പന്റ് സംബന്ധിച്ച്.

വളരെ ചെറിയൊരു തുക മാത്രമാണ് മുൻകാലങ്ങളിൽ സ്റ്റൈപ്പന്റായി നൽകിയിരുന്നത്. ആയതിനാലാണ് സർവ്വകലാശാല സ്റ്റൈപ്പന്റ് ഉയർത്തിയത്. റീ ഇംപേഴ്സ്മെന്റിനായി ചെന്നൈയിലെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് ബോർഡുമായി ബന്ധപ്പെട്ടെങ്കിലും സാങ്കേതിക കാരണം പറഞ്ഞ് അപേക്ഷ നിരസിക്കയായിരുന്നു എന്നും ഇത്രയും വൈകിയ വേളയിൽ ഇനി റീഇംപേഴ്സ്മെന്റ് ലഭിക്കാനുള്ള സാധ്യത വളരെ വിരളമായതിനാൽ എതിർപ്പ് ഒഴിവാക്കിതരണമെന്ന് കേന്ദ്രം മേധാവി അപേക്ഷിച്ചു. മറുപടി അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി. (25.4.2014)

**ഗോട്ട് ആന്റ് ഷിപ്പ് ഫാം മണ്ണുത്തി.**

ഖണ്ഡിക 26(ഓ.നോ 2 (i) ആദായ നികുതി പിടിച്ചതിൽ കുറവ്.

കഴിഞ്ഞ 5 വർഷമായി പ്രസ്തുത സ്ഥാപനവുമായി ഇടപാട് ഇല്ലെന്നും ആദായ നികുതി അന്നുതന്നെ പിടിച്ചിരുന്നുവെന്നും സർചാർജിനെ പറ്റി അറിയാത്തതിനാലാണ് അത് പിടിക്കാതിരുന്നെന്നും വിശദീകരണ മുണ്ടായി. മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്നും നികുതി അടക്കണമെന്നും ജോയിന്റ് ഡയറക്ടർ പറഞ്ഞു. നികുതി അടച്ച് റിപ്പോർട്ട് ചെയ്യാൻ കമ്മിറ്റി കേന്ദ്രം മേധാവിയോട് നിർദ്ദേശിച്ചു. (25.4.2014)

ഖണ്ഡിക 27 (ഓ.നോ 2(ii) സെക്യൂരിറ്റി സർവ്വീസ് ആദായ നികുതി കുറച്ചില്ല.

ആഡിറ്റിൽ പറഞ്ഞ ന്യൂനത പിന്നീട് പരിഹരിച്ചു. എതിർപ്പ് ഒഴിവാക്കി. (25.4.2014)

**കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണൂത്തി**

*പാരഗ്രാഫ് 28 : (ഓ.നോ. 3)* Unnecessary advance drawn

ആഡിറ്റിന്റെ നിർദ്ദേശം പിൻകാലത്തേക്ക് മാർഗ സൂചകമായി എടുത്തിട്ടുണ്ടെന്നും മേലാൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കിയിട്ടുണ്ടെന്നു വിശദീകരിച്ചു. എതിർപ്പ് നിലനിർത്തേണ്ടതില്ല. (14.3.2011)

*പാരഗ്രാഫ് 29:(ഓ.നോ 6 )* Delay in submission of TA Bills

ശ്രീമതി കെ.കെ. ശാന്ത അസോസിയേറ്റ് പ്രൊഫസർ ടി എ ഇനത്തിൽ കൈപ്പറ്റിയ 1550 ക 24.1.2011 ലെ 75/43338 നമ്പർ രശീതി പ്രകാരം സർവ്വകലാശാല അക്കൗണ്ടിൽ അടച്ചതായും ആയത് LFAD പരിശോധിച്ചതായും വിശദീകരിച്ചു.

അവരെ സംബന്ധിച്ച തടസവാദം ഒഴിവാക്കി. ഡോക്ടർ സുമ പൗലോസിന്റെ വിശദീകരണം കമ്മിറ്റി പരിശോധിച്ചു.

ആഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച ടിഎ ഇനത്തിൽ ഡോക്ടർ എം.കെ.ഷീല ഡോക്ടർ എസ്റ്റിലിറ്റ, ഡോക്ടർ സുമപൗലോസ് എന്നിവർ കൈപ്പറ്റിയതിന്റെ ടൂർ ഡയറി മറ്റു അനുബന്ധരേഖകൾ എന്നിവ പരിശോധിച്ച് അനുവദനീയമല്ലാത്ത സംഖ്യകൾ തിരിച്ചു പിടിക്കുന്നതടക്കമുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. (14.3.2011)

## വെറ്റിനറി ആന്റ് ആനിമൽ സയൻസ് കോളേജ്, മണ്ണുത്തി

ഖണ്ഡിക 30 (ഓ.നോ.3) ചാർജ്ജ് അലവൻസ് നൽകിയത്

ഇത് സംബന്ധിച്ചുള്ള ഉത്തരവുകൾ പരിശോധിച്ചതായും മറുപടി അംഗീകരിക്കാവുന്നതാണെന്നും ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. എതിർപ്പ് ഒഴിവാക്കി. (12.2.2014)

ഖണ്ഡിക 31 (ഓ.നോ.4) കോമൺറേഷ്യോ

29.11.2013ലെ അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ഇതിനും ബാധകമാണ്. (12.2.2014)

ഖണ്ഡിക 32 (ഓ.നോ.5) അനുമതിയില്ലാതെ റിസർച്ച് അസിസ്റ്റന്റിനെ വെച്ചത്.

വിശദീകരണം അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി.(12.2.2014)

ഖണ്ഡിക 33 (ഓ.നോ.6) തൊഴിലാളികൾക്ക് ഉയർന്ന സ്കെയിൽ നൽകിയത്

തെറ്റായി നൽകിയ ശമ്പളം ക്രമീകരിക്കുവാനും തദനന്തരം റിപ്പോർട്ടു ചെയ്യുവാനും കമ്മിറ്റി നിർദ്ദേശിച്ചു.(12.2.2014)

ഖണ്ഡിക 34 (ഓ.നോ.7) കരാർ തൊഴിലാളികൾക്ക് അധികകൂലി നൽകിയത്.

വ്യക്തവും തൃപ്തികരവുമായ മറുപടി ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.(12.2.2014)

ഖണ്ഡിക 35 (ഓ.നോ.8) പി.ജി.ഹോസ്റ്റലിലെ അധികം മെസ് ജോലിക്കാർ

5 ആളെ മെസിൽ നിയോഗിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ആരാഞ്ഞു.

ചെറിയൊരു കാലയളവിൽ മാത്രമേ 5 പേർ അവിടെയുണ്ടായിരുന്നുള്ളൂവെന്നും വിദ്യാർത്ഥികളുടെ സമ്മർദ്ദം മൂലം സർവ്വകലാശാല ഉന്നത അധികാരികളുടെ സമ്മതത്തോടെ മാത്രമേ അത്തരം നടപടികൾ ചെയ്യുകയുള്ളൂ എന്നും കോളേജ് അധികാരികൾ അറിയിച്ചു.

വിഷയം ഗൗരവമായി ചർച്ച ചെയ്ത കമ്മിറ്റി എന്തുകൊണ്ട് 25000 രൂപ അധികബാദ്ധ്യത വന്നു എന്നതിനെ സംബന്ധിച്ച് വിശദമായ മറുപടി നൽകാൻ ആവശ്യപ്പെട്ടു. (12.2.2014)

ഖണ്ഡിക 36 (ഓ.നോ.9) ഹോസ്റ്റൽ ജോലിക്കാർക്ക് ഇരട്ടി വേതനം

തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ തീരുമാനം മാറ്റിവെച്ചു.(12.2.2014)

ഖണ്ഡിക 37 (ഓ.നോ.10) ലേഡീസ് ഹോസ്റ്റലിലെ സ്ഥിരം തൊഴിലാളികൾക്കുള്ള കൂലി നൽകിയത്.

ഖണ്ഡിക 35 ലെ തീരുമാനം ഇതിന് ബാധകമാണ്.(12.2.2014)

ഖണ്ഡിക 38 (ഓ.നോ.11) നിർത്തലാക്കിയ പദ്ധതികളിൽ കാഷ്വൽ തൊഴിലാളിയെ നിയോഗിച്ചത്

നിർത്തലാക്കിയ പദ്ധതിയുടെ ഭാഗമായിരുന്ന അപൂർവ്വ ഇനം രാസപദാർത്ഥങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, പരീക്ഷണത്തിനായുള്ള ആടുകൾ എന്നിവയുടെ സംരക്ഷണത്തിന് ബഹുമാനപ്പെട്ട വൈസ്ചാൻസലറുടെ 25.6.2002ലെ ആർ.3/71859/00 ഉത്തരവുപ്രകാരവും സർവ്വകലാശാലയുടെ താൽപര്യം സംരക്ഷിക്കുവാനും വേണ്ടിയാണ് കാഷ്വൽ തൊഴിലാളിയെ നിയോഗിച്ചത് എന്ന് വിശദീകരണമുണ്ടായി. പ്രസ്തുത ഉത്തരവ് ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തുന്നമുറയ്ക്ക് എതിർപ്പ് പിൻവലിക്കാവുന്നതാണ്.(12.2.2014)

ഖണ്ഡിക 39 (ഓ.നോ.12) എഫ്.ടി.ഡി.എം.എ – വി.സാറ്റ് ബന്ധിപ്പിക്കുന്നതിനുള്ള തുക നൽകിയത്.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ഒഴിവാക്കി.(12.2.2014)

ഖണ്ഡിക 40 (ഓ.നോ.13) ഇറക്കുമതി ചെയ്ത ഉപകരണം

ഖണ്ഡിക 41 (ഓ.നോ.14) ഉപകരണങ്ങളുടെയും മറ്റും സൂക്ഷിപ്പും സ്റ്റോക്കും സംബന്ധിച്ച്.

തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ മേൽ ഖണ്ഡികകളിന്മേലുള്ള തീരുമാനം മാറ്റിവെച്ചു.(12.2.2014)

ഖണ്ഡിക 42 (ഓ.നോ. 16) വാഹന റിപ്പയറും സർവ്വീസും സംബന്ധിച്ച്

ടാറ്റ ഗ്രൂപ്പിൽപെട്ട വാഹനങ്ങളുടെ അംഗീകൃത ഏജന്റായ മെസേർസ് ശക്തി ഓട്ടോമൊബൈൽസിൽ നിന്നാണ് ആധുനിക സംവിധാനങ്ങളുള്ള വാൻ വാങ്ങിച്ചത്. ആയതിനാലാണ് അവിടെ തന്നെ സർവീസിന് കൊണ്ടുപോയതും. മാത്രവുമല്ല സർവ്വകലാശാല അഗ്രോ എഞ്ചിനീയറിംഗ് സർവീസ് സെന്ററിന്റെ ഉപദേശപ്രകാരമാണ് അങ്ങനെ ചെയ്തതെന്നും ബോധിപ്പിക്കപ്പെട്ടു.

മറുപടി അംഗീകരിക്കാവുന്നതാണെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് തടസം ഒഴിവാക്കി. (12.2.2014)

ഖണ്ഡിക 43 (ഓ.നോ.17) ഇന്റേണൽ എക്സാമിനേർസിനുള്ള പ്രതിഫലം

2003-2004 ലെ ഖണ്ഡിക 19ന്റെ തീരുമാനം ഇതിനും ബാധകമാണ്. (12.2.2014)

ഖണ്ഡിക 44 (ഓ.നോ.18) ഫാം അസിസ്റ്റന്റുമാർക്കുള്ള റിസ്ക് അലവൻസ്

എതിർപ്പിൽ ഉൾപ്പെട്ട തുക തിരികെ പിടിച്ച് വിവരം കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. (12.2.2014)

ഖണ്ഡിക 45 (ഓ.നോ.19) അദ്ധ്യാപകർക്കുള്ള ഹോണറേറിയം

ഇത് സംബന്ധിച്ചുള്ള എതിർപ്പ് മുൻകാലങ്ങളിൽ ഓഡിറ്റ് വിഭാഗം ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചു. തുടർനടപടി ആവശ്യമില്ല. (12.2.2014)

ഖണ്ഡിക 46 (ഓ.നോ.21) അധികം നൽകിയ ഇൻസിഡെന്റൽ ചാർജ്ജ്

തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന്റെ പരിശോധനക്കു വിധേയമാക്കുന്ന മുറയ്ക്ക് എതിർപ്പ് ഒഴിവാക്കാവുന്നതാണ്.(12.2.2014)

**പൗൾട്രി & ഡക്ക് ഫാം**

ഖണ്ഡിക 47 (ഓ.നോ) കോമൺ റേഷ്യോ :
29.11.2013ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5–ാമത് യോഗത്തിന്റെ തീരുമാനം ഇതിനും ബാധകമാണ്. (25.4.2014)

## *കൃഷി വിജ്ഞാന വിപണന കേന്ദ്രം മണ്ണുത്തി*

*പാരഗ്രാഫ് 48:*

Revolving Fund - Payee receipt not obtained in 1/4th of the payment

വിവിധ സ്റ്റേഷനുകളിലേക്ക് നിരന്തരമായി എഴുതിയെങ്കിലും Payees receipt ലഭ്യമായിട്ടില്ല എന്ന് കേന്ദ്രം മേധാവിക്ക് വേണ്ടി വിശദീകരിച്ചു.

ആഡിറ്റ് പരാമർശം കമ്മിറ്റി വളരെ ഗൗരവമായി കാണുന്നു. മേലാൽ പേമെന്റ് നൽകുമ്പോൾ തന്നെ Payees receipt നിഷ്കർഷിക്കണമെന്നും വാങ്ങി സൂക്ഷിക്കണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു.

പേമെന്റ് കൈപ്പറ്റുമ്പോൾ Payees receipt നിർബന്ധമായും കൊടുക്കണമെന്ന് സർവ്വകലാശാലയുടെ എല്ലാ കേന്ദ്രം മേധാവികൾക്കും നിർദ്ദേശം നൽകണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു.(14.3.2011)

*പാരഗ്രാഫ് 49:* Fuel Purchased not accounted

കണക്കിൽ വരവുവെക്കാത്ത ഇന്ധനത്തിന്റെ വില 580 ക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി 14.2.11 ലെ 88/35254 നമ്പർ രശീതി പ്രകാരം സർവ്വകലാശാല അക്കൗണ്ടിൽ അടച്ചതായും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് ഒഴിവാക്കി. (14.3.2011)

*പാരഗ്രാഫ് 50 :* Photostat bill not admitted

വിശദീകരണം സ്വീകരിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ജോയ്ന്റ് ഡയറക്ടറുടെ സമ്മതത്തോടെ എതിർപ്പ് പിൻവലിച്ചു. (14.3.2011)

*പാരഗ്രാഫ് 51:* Misuse of University vehicle jeep KER 5048
വിശദീകരണം സ്വീകരിച്ചു എതിർപ്പ് ഒഴിവാക്കി. (14.3.2011)

പാരഗ്രാഫ് 52: On the delay in yearly checking by Internal Audit Wing

ഇൻന്റേണൽ ആഡിറ്റ് വിങ്ങ് ശക്തിപ്പെടുത്താനായി കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ചർച്ച ചെയ്തു.

സമയബന്ധിതമായി ഇന്റേണൽ ഓഡിറ്റിങ്ങ് നടത്തുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. (14.3.2011)

## എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ മണ്ണുത്തി

പാരഗ്രാഫ് 53: Higher Scale of Pay to overseers without Government Sanction

പാരഗ്രാഫ് 54: Implementation of common ratio promotion

മേൽ സൂചിപ്പിച്ച 53, 54 എന്നീ ഖണ്ഡികകളിലെ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടിട്ടുള്ളതാണ്. കമ്മിറ്റി തീരുമാനം കാക്കാവുന്നതാണ്.(14.3.2011)

പാരഗ്രാഫ് 55: Excess DA claimed disallowed

ആഡിറ്റ് പരാമർശമനുസരിച്ച് ഈയിനത്തിൽ കൂടുതലായി നൽകിയ തുക 700 ക 23.11.06 ലെ 20/30345 രശീതി പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ.പി.എ. വാസുദേവൻ സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധിച്ചതായും വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു (14.3.2011)

## കോന്നി മണ്ണു സംരക്ഷണ ഗവേഷണ കേന്ദ്രം

പാരഗ്രാഫ് 56): സ്ഥിരം തൊഴിലാളിക്ക് സസ്പെൻഷനിലിരുന്ന കാലയളവിലേക്ക് മുഴുവൻ നിരക്കിൽ വേതനം നൽകിയത് ക്രമപ്രകാരമല്ല.

സസ്പെൻഷൻ 'കാലയളവിൽ ആറുമാസത്തിനുശേഷം മുഴുവൻ നിരക്കിലുള്ള വേതനം സബ്സിസ്റ്റൻസ് അലവൻസായി നൽകിയത് 1972 ലെ പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് അനുസരിച്ചാണെന്ന് വിശദീകരിച്ചു.

ഈ ഖണ്ഡിക 2006-07 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

സർവ്വകലാശാല തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ (സബ്സിസ്റ്റൻസ് അലവൻസ് കൊടുക്കുന്നത് അടക്കം), അവധി, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഏതു ചട്ടത്തിന്റേയും സർക്കാർ, സർവ്വകലാശാലാ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്, അനുവദിക്കുന്നതെന്ന്വിശദമായ റിപ്പോർട്ട് ലേബർ ഓഫീസർ കമ്മിറ്റി മുമ്പാകെ സമർപ്പിക്കണമെന്ന് തീരുമാനിച്ചു. (13.11.2009)

പാരഗ്രാഫ് 57

യാത്രാബത്ത ബില്ലുകളിലെ അപാകതകൾ സംബന്ധിച്ച്

വിശദീകരണം സ്വീകരിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തോടെ എതിർപ്പ് പിൻവലിച്ചു. (13.11.2009)

## മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രം

പാരഗ്രാഫ് 58: Procurement of Farm inputs - inadequate procedure - reported.

വിശദീകരണം കമ്മിറ്റി പരിശോധിച്ചു. ഭാവിയിൽ procedure lapses ഉണ്ടാകരുതെന്ന നിർദ്ദേശത്തോടെ എതിർപ്പ് പിൻവലിച്ചു.

കെമിക്കലുകൾ, പെസ്റ്റിസൈഡുകൾ എന്നിവ സപ്ലൈ ചെയ്യുന്നതിനായി സർവ്വകലാശാലതലത്തിൽ Rate Contract ഏർപ്പെടുവാൻ കഴിയുമോ എന്ന്, ഗവേഷണ വിഭാഗം മേധാവി പരിശോധിച്ച് മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

ഇത്തരം ഇനങ്ങളുടെ വാങ്ങൽ സംബന്ധിച്ച് പൊതുവായ ഒരു മാർഗ നിർദ്ദേശവും പുറപ്പെടുവിക്കേണ്ടതാണ്. (17.1.2011)

***പാരഗ്രാഫ് 59 :*** Repair of Boat - irregular sanction of repair charges

വിശദീകരണം സ്വീകരിച്ച് എതിർപ്പ് നിലനിർത്തേണ്ടതില്ല. (17.1.2011)

**കുമരകം മേഖല കാർഷിക ഗവേഷണ കേന്ദ്രം**

പാരഗ്രാഫ് 60 : (ഓ.നോ. 3 (a) (b) (c)

എ & ബി വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ഒഴിവാക്കി.

സി. എഴുതി തന്ന വിശദീകരണം തൃപ്തികരമല്ല. നിജസ്ഥിതി അസോസിയേറ്റ് ഡയറക്ടർ കമ്മിറ്റി മുമ്പാകെ നേരിട്ട് വിശദീകരിച്ചു. കമ്മറ്റിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു.

നേരിട്ട് വിശദീകരിച്ച കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ച് മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ജോയ്ന്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്. (17.1.2011)

പാരഗ്രാഫ് 61: (ഓ.നോ.6) Revolving Fund Expenditure in respect of sponsored scheme met from Revolving Fund.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ഒഴിവാക്കി. (17.1.2011)

**കാർഷിക ഗവേഷണ കേന്ദ്രം തിരുവല്ല**

പാരഗ്രാഫ് 62 : Purchase of Computer and Accessories irregularities in procedure.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ഒഴിവാക്കി. (17.1.2011)

പാരഗ്രാഫ് 63 : Purchase of additional hardware - Expenditure

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് പിൻവലിച്ചു.

പൊതുവായ ചർച്ചയിൽ (ഇലക്ട്രോണിക് വെയ്സ്റ്റ്) ഒഴിവാക്കുന്നതിന് മുൻധാരണയോടെ പ്രവർത്തിക്കണമെന്നും ഒരു നയം രൂപീകരിക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. (17.1.2011)

**ക്രോപ്പിങ്ങ് സിസ്റ്റം റിസർച്ച് സെന്റർ, കരമന**

പാരഗ്രാഫ് 64: (ഓ.നോ. 2)

വെള്ളക്കരം അടക്കുന്നതിന് വീഴ്ചവരുത്തിയതിന് 234 ക. ഫൈൻ ഈടാക്കിയത് -അനുവദനീയമല്ല.

234 ക ഉത്തരവാദിത്തപ്പെട്ടവരിൽ നിന്ന് ഈടാക്കി 25/02/2009 ലെ 27/45072 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയതായും ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (13.11.2009)

പാരഗ്രാഫ് 65. (ഓ.നോ.3)

കേരള വാട്ടർ അതോറിറ്റിക്ക് അടക്കാനുള്ള വെള്ളക്കരം പ്രതിമാസ നിരക്ക് ഏകപക്ഷീയമായി കണക്കാക്കിയതായി സംശയിക്കുന്നു.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (13.11.2009)

പാരഗ്രാഫ് 66. (ഓ.നോ.5)

നാളികേരം - മോശമായ നിരക്കിലെ വിള സംബന്ധിച്ച്.

വിശദീകരണം സ്വീകരിച്ച് എതിർപ്പ് പിൻവലിച്ചു. (13.11.2009)

**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി**

പാരഗ്രാഫ് 67:

മെഡിക്കൽ റിംബേഴ്സ്മെന്റ് കൂടുതൽ അളവിൽ മരുന്ന് വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയത് സംബന്ധിച്ച്.

വിശദീകരണത്തിന്റേയുംചികിൽസിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (13.11.2009)

**ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രം:**

കേന്ദ്രം മേധാവി യോഗത്തിന് ഹാജരായില്ല. മേധാവി യോഗത്തിന് ഹാജരാകാത്തതിൽ കമ്മറ്റി അസന്തുഷ്ടി രേഖപ്പെടുത്തി.

പാരഗ്രാഫ് 68:

ടൂർ ടിഎ - മൈലേജ് അലവൻസും അനാമത്തു ചിലവും ഒരേ സമയം കൈപറ്റിയത് അനുവദനീയമല്ല.

ഈയിനത്തിൽ കൂടുതലായി കൈപ്പറ്റിയ 240 ക. 29/10/2009 ലെ 83/54977 നമ്പർ രശീതി പ്രകാരം ബന്ധപ്പെട്ട ആഫീസർ ഒടുക്കിയതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (13.11.2009)

പാരഗ്രാഫ് 69:

നാളികേര വിൽപ്പന - വിവിധ വാങ്ങൽകാർക്ക് വ്യത്യസ്ഥ മാനദണ്ഡം സ്വീകരിച്ചത്.

വിശദീകരണം കമ്മിറ്റി പരിശോധിച്ചു. സർവ്വകലാശാലക്ക് നഷ്ടം സംഭവിച്ചതായി കാണുന്നില്ല. എതിർപ്പ് പിൻവലിച്ചു. (13.11.2009)

**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി**

പാരഗ്രാഫ് 70: (ഓ.നോ. 4)

ഫാമിലെ ആവശ്യത്തിനായി ചട്ടങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങിച്ചത്

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (13.11.2009)

**എൻ.എ.ആർ.പി(SR) വെള്ളായണി on NATP Project**

പാരഗ്രാഫ് 71. (ഓ.നോ.3.)

പ്രവേശന നികുതിയിനത്തിൽ ഈടാക്കിയ 8486 ക. തിരുവനന്തപുരം M/s HCL info System ന് നൽകിയത് അനുവദനീയമല്ല.

കരാർപ്രകാരം എൻ.എ.ആർ.പി.വെള്ളായണിയിൽ സപ്ലൈ ചെയ്യാൻ കമ്പനി ബാദ്ധ്യസ്ഥമാണെന്നും അന്നത്തെ നിയമമനു സരിച്ച് ഒരു ടണ്ണിൽ കൂടുതലുള്ള തൂക്കത്തിനേ ഒക്ട്രോയ് പോലുള്ളവ നൽകേണ്ടതുള്ളൂ എന്നും ഇവിടെ ഒരു ടണ്ണിൽ കുറവാണ് വാങ്ങിയത്. ആയതിനാൽ എച്ച്.സി.എൽ കൊടുക്കേണ്ടിയിരുന്ന നികുതി സർവ്വകലാശാല കൊടുത്തത് ശരിയല്ല. മാത്രവുമല്ല കരാറിൽ സർവ്വകലാശാലക്കുവേണ്ടി ആരും ഒപ്പിട്ടിട്ടില്ല, തിയ്യതിയുമില്ല എന്നും ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

പല പദ്ധതികൾക്കെല്ലാം കൂടെ ഒന്നിച്ചാണ് 130 കിലോയോളം വരുന്ന സാധനങ്ങൾ വാങ്ങിയതെന്നും വാളയാർ ചെക്ക് പോസ്റ്റിൽ നിർബന്ധിച്ചതിനാലാണ് പ്രവേശനനികുതി അടക്കേണ്ടി വന്നത് എന്നും, കംപ്യൂട്ടർ വാങ്ങിച്ച എ.ഐ.സി.ആർ.പി. മഷ്റൂം ഒഴികെ സാധനങ്ങൾ വാങ്ങിച്ച മറ്റു പദ്ധതികളെല്ലാം കാലാവധി കഴിഞ്ഞ് ആഡിറ്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതായും അസോസിയേറ്റ് ഡയറക്ടർ കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു.

മന:പൂർവ്വമായിട്ടുള്ള ഉദ്ദേശം ഉണ്ടായിട്ടില്ല എന്ന് കമ്മിറ്റിക്ക് ബോദ്ധ്യം വന്നാൽ അനുഭാവപൂർവ്വം വീക്ഷിക്കണമെന്ന് കംട്രോളർ അഭിപ്രായപ്പെട്ടു.

70 ഓളം പദ്ധതികൾ നടക്കുന്ന സ്ഥാപനത്തിൽ മാർച്ച് മാസത്തെ തിരക്കിനിടയിൽ സംഭവിച്ചതാണെന്നും വളരെ ആത്മാർത്ഥതയോടെ ജോലി ചെയ്തിരുന്നവരാണ് അന്നത്തെ മേധാവിയും ബന്ധപ്പെട്ടവരുമെന്നും മേലാൽ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നും ആയതിനാൽ ഈ ഓഡിറ്റ് തടസം ഒഴിവാക്കി തരണമെന്നും അസോസിയേറ്റ് ഡയറക്ടർ അപേക്ഷിച്ചു.

മേൽ സാഹചര്യം കമ്മിറ്റി വിശദമായി വിലയിരുത്തി. സർവ്വകലാശാലയുടെ ഭാഗത്ത് നിന്നും സംഭവിച്ചത് വലിയ വീഴ്ചയാണെന്നും കുറെ കൂടെ ശ്രദ്ധ ചെലുത്താമായിരുന്നു വെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു.

എങ്കിലും പ്രൊഫോർമ ഇൻവോയ്സിലെ തിയ്യതി, കരാറിനു മുമ്പുള്ള തിയ്യതിയാണ് എന്ന ആനുകൂല്യം നൽകി, ഈ വിഷയത്തിൽ തുടർനടപടികൾ വേണ്ടെന്ന് വെച്ചു മേലാൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്നും എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിക്കൽ പർച്ചേയ്സ്, കരാർ ഒപ്പിടൽ തുടങ്ങിയ വിഷയങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നുള്ള നിർദ്ദേശം സ്റ്റേഷൻ മേധാവികൾക്ക് നൽകുവാൻ കംട്രോളറെ ചുമതലപ്പെടുത്തി.(7.10.2013)

പാരഗ്രാഫ് 72: (ഓഡിറ്റ് നോട്ട്സ് 4)

തിരുവനന്തപുരം HCL info System നിന്ന് കംപ്യൂട്ടർ വാങ്ങിയതിന്റെ 20000 ക. നഷ്ടം സംഭവിച്ചതു സംബന്ധിച്ച്.

ഉപരി ഖണ്ഡികകളിന്മേലുള്ള വിശദീകരണം കമ്മറ്റി വിശദമായി പരിശോധിച്ചു.

ഈ ഖണ്ഡികകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 2006-2007 ലെ സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതായി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനം മാറ്റിവെച്ചു. (13.11.2009)

ഓഡിറ്റിൽ പറയുന്നപോലെ ഒരു വർഷമല്ല മൂന്നുവർഷം വാറന്റി ഉണ്ടായിരുന്നതായും അത് 3 വർഷവും ലഭിച്ചതായും അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു. മാത്രവുമല്ല ഗവേഷണവിഭാഗം മേധാവിയുടെ കത്തിലും 3 വർഷം വാറന്റിയുള്ള സിസ്റ്റം വാങ്ങാനായിരുന്നു നിർദ്ദേശമെന്നും അസോസിയേറ്റ് ഡയറക്ടർ കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു.

അസോസിയേറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെഅടിസ്ഥാനത്തിൽ ഇത് സംബന്ധിച്ചുള്ള എതിർപ്പ് ഒഴിവാക്കാവുന്നതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്തു.( 7.10.2013)

പാരഗ്രാഫ് 73: Absence of a Centre Stock Register at NARP(SR)-reg.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് എതിർപ്പ് പിൻവലിച്ചതായി അറിയിച്ചു. - എതിർപ്പ് നിലനിർത്തേണ്ടതില്ല. (13.11.2009)

## പാർട്ട്. V

I. 1986 ലെയും 1996 ലെയും യു.ജി.സി/ഐ.സി. എ ആർ സ്കെയിൽ തെറ്റായി നടപ്പാക്കി

വിശദീകരണത്തിന്റ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (21.5.2014)

ii. കോമൺ റേഷ്യോ

29/11/2013 ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5 -ാമത് യോഗ തീരുമാനം ഇതിനു ബാധകമാണ്. (21.5.2014)

KAUP 110/260/08/15